പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3647**

**17.12.2015**-ൽ
മറുപടിയ്ക്ക്

## തിരുവനന്തപുരം ജില്ലയിൽ പ്രിവന്റീവ് ഓഫീസർമാരുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ :<br>ഡോ.എൻ.ജയരാജ് : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് ആസ്ഥാനത്ത് പ്രിവന്റീവ് ഓഫീസർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.06.2015 തീയതിയിലെ ഒ.എ(ഇ.കെ.എം) 488/2014 നമ്പർ ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ ; | (എ) | ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.06.2015-ലെ ഒ.എ(ഇ.കെ.എം) 488/2014 നമ്പർ ഉത്തരവ് റിവ്യൂ ചെയ്യുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | 2015 നവംബർ മാസം അവസാനം തിരുവനന്തപുരം ജില്ലയിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവുകൾ നികത്തിയത് എപ്രകാരമാണെന്നും പ്രസ്തുത ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കാൻ കഴിഞ്ഞുവോയെന്നും വ്യക്തമാക്കുമോ ; | (ബി) | 2015 നവംബർ മാസം അവസാനം തിരുവനന്തപുരം ജില്ലയിൽ ഉണ്ടായ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ യോഗ്യരായ സിവിൽ എക്സൈസ് ഓഫീസർമാരിൽ നിന്നും സ്ഥാനക്കയറ്റത്തിലൂടെയാണ് നികത്തിയിട്ടുള്ളത്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് |

ജനറലിനോട്
ആവശ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| (സി) | എക്സൈസ് ആസ്ഥാനത്ത് ബോർഡ് സർവ്വീസിൽ കാലാവധി പൂർത്തിയാക്കിയ തിരുവനന്തപുരം ജില്ലയിലെ പ്രിവന്റീവ് ഓഫീസർമാരെ അതേ ലാവണത്തിൽ തന്നെ തുടരുവാൻ അനുവദിച്ചിരിക്കുന്നത് ഏത് മാനദണ്ഡത്തിലാണ് ; വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ഇടുക്കി ഡിവിഷൻ ഉൾപ്പെടെയുള്ള വിദൂര ജില്ലകളിൽ നിന്നും എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ ബോർഡ് യൂണിറ്റിലേക്ക് സേവനം ചെയ്യാൻ പ്രിവന്റീവ് ഓഫീസർമാർ തയ്യാറാകാതിരുന്നതിനെത്തുടർന്ന് ടി ഒഴിവുകൾ ഭരണസൗകര്യാർത്ഥം തിരുവനന്തപുരം ഡിവിഷനിൽ നൽകിയിട്ടുണ്ട്. മറ്റ് പല ജില്ലകളിലേയും പ്രിവന്റീവ് ഓഫീസർമാർക്ക് നിലവിലെ ചട്ട പ്രകാരം ഹെഡ്ക്വാർട്ടേഴ്സിൽ നിയമനം നൽകി വരുന്നുണ്ട്. 30.06.2015-ലെ ഒ.എ(ഇ.കെ.എം) 488/2014 നമ്പർ ഉത്തരവിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെടുന്ന റിവ്യൂ പെറ്റീഷന് കോടതിയിൽ നിന്നും ലഭിക്കുന്ന അന്തിമ വിധിക്കനുസൃതമായി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എക്സൈസ് ആസ്ഥാനത്തെ ബോർഡ് സർവ്വീസിൽ ഇടുക്കി ഉൾപ്പെടെയുള്ള ഇതര ജില്ലകളിലെ പ്രിവന്റീവ് ഓഫീസർമാരെ നിയമിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും പ്രസ്തുത ഓഫീസർമാർക്ക് അർഹമായ നിയമ പ്രാതിനിധ്യം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.